ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പത്ത് തവണയാണ് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചത്. ആകെ 1704 റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി & സി) പി.എസ്.സി.-യിൽ ഇതുസംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനം

40 (1743) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള എൽ.ഡി.സി., ലാസ്റ്റ്ഗ്രേഡ് സെർവന്റ് പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ; പ്രസ്തുത റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നതെന്ന് ; റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്നവസാനിക്കും ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതിനുമുമ്പ് പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികകളിലേക്ക് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിരുന്നു ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) നിലവിലുള്ള എൽ..ജി.എസ്. റാങ്ക് ലിസ്റ്റ് 29-6-2012-നും എൽ.ഡി.സി. റാങ്ക് ലിസ്റ്റ് 31-3-2015-നുമാണ് നിലവിൽ വന്നത്. 31-3-2015-ന് നിലവിൽവന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. എൽ.ജി.എസ്. റാങ്ക് ലിസ്റ്റിലെ നിയമനനില അനുബന്ധം ഒന്ന് ആയി ചേർക്കുന്നു.* ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി ഏറ്റവും കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷം അല്ലെങ്കിൽ അതേ തസ്തികയ്ക്ക് പുതിയ ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നത് വരെയോ ആയിരിക്കും.

(ബി) നിലവിലുള്ള എല്ലാ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുന്നതിനായി അതാതു മാസം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും വകുപ്പ് മേധാവികൾക്കും കർശന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ എൽ.ജി.എസ്. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ മാസം വരെയുള്ള പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

പി.എസ്.സി.-യുടെ പരീക്ഷാരീതി

41 (1745) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) നിലവിലെ പരീക്ഷാരീതിയിൽ ഉദ്യോഗാർത്ഥികൾക്കുള്ള എന്തെല്ലാം ആശങ്കകളാണ് പ്രസ്തുത പരിഷ്കാരങ്ങൾ വഴി പരിഹരിക്കപ്പെടുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ സാധിക്കും.

(സി) പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly